വിഴിഞ്ഞം തുറമുഖ പദ്ധതി

120 (2939) ശ്രീ. ബാബു എം. പാലിശ്ശേരി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വിഴിഞ്ഞം തുറമുഖ പദ്ധതിയുടെ ഏക ടെണ്ടർ പ്രശ്നത്തിൽ നിയമ വകുപ്പിൽ നിന്നും സ്റ്റോർ പർച്ചേസ് വകുപ്പിൽ നിന്നും തുറമുഖ വകുപ്പ് നിയമോപദേശം തേടിയിരുന്നോ ;

(ബി) നിയമ-സ്റ്റോർ പർച്ചേസ് വകുപ്പുകളിലെ ഏതെല്ലാം ഉദ്യോഗസ്ഥർ പ്രസ്തുത ഫയലുകൾ കാണുകയും അഭിപ്രായങ്ങൾ രേഖപ്പെടുത്തുകയും ചെയ്തിരുന്നുവെന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഉദ്യോഗസ്ഥർ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയത് ബന്ധപ്പെട്ട നിയമവ്യവസ്ഥകളുടെ അടിസ്ഥാനത്തിലാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ ; വിശദമാക്കാമോ ;

(ഡി) പദ്ധതിക്കുവേണ്ടി ഇതിനകം വിളിച്ച ടെണ്ടറുകളെല്ലാം വ്യത്യസ്ത മോഡലുകളായിരുന്നോ ; എങ്കിൽ 2013-ൽ വിളിച്ച മോഡലിൽ എത്ര തവണ ടെണ്ടർ വിളിച്ചിരുന്നു ; റീടെണ്ടർ വിളിക്കാതിരുന്നതിന്റെ കാരണം നിയമോപദേശം കൊടുത്തവർ പരിഗണിക്കുകയുണ്ടായോ ; വിശദമാക്കാമോ ?

ഉത്തരം

(എ) നിയമവകുപ്പിൽനിന്നും സ്റ്റോർ പർച്ചേസ് വകുപ്പിൽ നിന്നും നിയമോപദേശം തേടിയിരുന്നു.

(ബി) വിഴിഞ്ഞം പദ്ധതിയുടെ ടെണ്ടറിന്മേൽ സ്റ്റോർ പർച്ചേസ് വകുപ്പിലെ അസിസ്റ്റന്റ്, സെക്ഷൻ ഓഫീസർ, അഡീഷണൽ സെക്രട്ടറി, അഡീഷണൽ ചീഫ് സെക്രട്ടറി എന്നീ ഉദ്യോഗസ്ഥർ കാണുകയും അഭിപ്രായം രേഖപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. കൂടാതെ നിയമ സെക്രട്ടറിയും രേഖാമൂലം അഭിപ്രായം രേഖപ്പെടുത്തുകയുണ്ടായി.

(സി) ബന്ധപ്പെട്ട നിയമ വ്യവസ്ഥകളുടെ അടിസ്ഥാനത്തിലും കേന്ദ്ര വിജിലൻസ് കമ്മീഷൻ മാർഗ്ഗ നിർദ്ദേശങ്ങളിലെ (ഗൈഡ്‌ലൈൻസ്) ഖണ്ഡം 4.17 ഉം 4.18 ഉം അനുസരിച്ച് പരിശോധിക്കുകയുണ്ടായി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

കൂടാതെ 2005-ൽ മോട്ടോർ വാഹനങ്ങൾക്ക് ഹൈ സെക്യൂരിറ്റി പ്ലേറ്റ് പിടിപ്പിക്കുന്നതിലേക്ക് വിളിച്ച ഓപ്പൺ ടെണ്ടറിൽ ഒരു ബിഡ്ഡർ മാത്രം ഉണ്ടായ കേസ്സിൽ ടെണ്ടർ സ്വീകരിക്കാതിരുന്ന നടപടി ശരിയല്ലയെന്നും രണ്ടാമത് ടെണ്ടർ പോകാൻ പാടില്ലയെന്നുമുള്ള 2011-ലെ Association of Registration Plates Vs Union of India (2005(2)SCC 679) എന്ന വിധി പരിശോധിച്ചു. കൂടാതെ കേരള ഇറിഗേഷൻ ഡിപ്പാർട്ടുമെന്റ് റീടെണ്ടർ നടത്തിയശേഷം ഒരു സിംഗിൾ ബിഡ്ഡർ മാത്രം വന്ന സാഹചര്യത്തിൽ രണ്ടാമത് ടെണ്ടർ നടത്താൻ പാടില്ല എന്ന കേരള ഹൈക്കോടതി വിധിയും പരിശോധിച്ചു. ഇവ കൂടാതെ ജാർഖണ്ഡ്, കൽക്കട്ടാ ഹൈക്കോടതികളുടെ വിധികളും പരിശോധിച്ചിരുന്നു. ഇവയുടെ അടിസ്ഥാനത്തിൽ ഇത് ഒരു സിംഗിൾ ടെണ്ടർ അല്ല, മറിച്ച് ഓപ്പൺ ടെണ്ടറിൽ ഒരൊറ്റ ബിഡ്ഡർ മാത്രമുള്ള സാഹചര്യമാണ് എന്നും അത് CVC ഗൈഡ്ലൈനുകൾക്ക് അനുസൃതമാണ് എന്നും നിയമോപദേശം ലഭിക്കുകയുണ്ടായി.

സ്റ്റോർ പർച്ചേസ് വകുപ്പിൽ നിന്നും പുറത്തിറക്കിയ പർച്ചെയ്സ് സംബന്ധിച്ച വിഷയങ്ങളിൽ ഏക ടെണ്ടർ അംഗീകരിക്കുന്നതിനുള്ള മാനദണ്ഡങ്ങളും നിർദ്ദേശങ്ങളും പരാമർശിക്കുന്ന 28-10-2013-ലെ സർക്കുലർ നമ്പർ 2508/ബി2/2013/ എസ്.പി.ഡി. പ്രകാരമാണ് അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിരിക്കുന്നത്.

(ഡി) പദ്ധതിക്കുവേണ്ടി 2005-ലും 2007-ലും വിളിച്ച ടെണ്ടറുകൾ പി.പി.പി. മോഡലിലും 2010-ലും 2013-ലും വിളിച്ച ടെണ്ടറുകൾ വ്യത്യസ്ത പി.പി.പി ഘടകങ്ങളോടുകൂടിയ ലാന്റ് ലോർഡ് മോഡലിലും ആയിരുന്നു. 2013-ലെ മോഡലിൽ ഒരു തവണ മാത്രമാണ് ടെണ്ടർ വിളിച്ചത്. 2013-ൽ വിളിച്ച ടെണ്ടറിൽ ലഭിച്ച ബിഡ് സ്വീകരിക്കുന്നതിനുള്ള ശിപാർശ ചെയ്യുവാൻ ഇതിനുവേണ്ടിയുള്ള ഉന്നതാധികാര സമിതി തീരുമാനിച്ചിരുന്നു. അതിനാൽ റീടെണ്ടർ സംബന്ധമായ കാര്യങ്ങൾ പരിശോധനയ്ക്ക് വന്നിട്ടില്ല.

കയ്യമംഗലം നിയോജകമണ്ഡലത്തിലെ റോഡ് പ്രവൃത്തികൾ

121 (2940) ശ്രീ. വി. എസ്. സുനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കയ്യമംഗലം നിയോജകമണ്ഡലത്തിൽ ഹാർബർ എൻജിനീയറിംഗ് വകുപ്പിൽ നിന്ന് ഭരണാനുമതി ലഭിച്ച റോഡ് പ്രവൃത്തികൾ ഏതൊക്കെയെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രവൃത്തി പൂർത്തീകരിച്ച റോഡുകളുടെ വിവരം വ്യക്തമാക്കാമോ ;

(സി) ഹാർബർ എൻജിനീയറിംഗ് വകുപ്പ് അനുവദിച്ച റോഡ് പ്രവൃത്തികളുടെ വിവരം അസംബ്ലി നിയോജക മണ്ഡലം തിരിച്ച് വ്യക്തമാക്കാമോ ?